**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6460** **09.07.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി ബോർഡിൻെറ കമ്പനിവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. വി. ശശി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിന്റെ ഭാഗമായി തൊഴിലാളി യൂണിയനുകളും സർക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) സർക്കാരും കമ്പനിയും ജീവനക്കാരുടെ സംഘടനകളുമായി ഒപ്പുവയ്ക്കുന്നതിനുള്ള ത്രികക്ഷി ക്കരാറിന്റെ മാതൃക രണ്ടാം കൈമാറ്റ പദ്ധതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ ഒപ്പിടുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ; | (ബി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ 2013 ലെ രണ്ടാം കൈമാറ്റ പദ്ധതിയിലും ത്രികക്ഷിക്കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) പുന:സംഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) കൈമാറ്റ പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജീവനക്കാരുടെ ആശങ്കകൾ ദൂരികരിക്കുന്നതിനും കരട് കൈമാറ്റ പദ്ധതിയും ത്രികക്ഷി കരാറും മറ്റ് അനുബന്ധങ്ങളും കെ.എസ്.ഇ,ബി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ജീവനക്കാരുടെ സംഘടനകളിൽ നിന്നും ഇവയെ സംബന്ധിച്ച അഭിപ്രായം ആരായുകയും ചെയ്തു. ജീവനക്കാരുടെ സംഘടനകളുമായി ബോർഡുതലത്തിലും വൈദ്യുതി വകുപ്പ മന്ത്രിയുടെ നേതൃത്വത്തിലും പല ഘട്ടങ്ങളിലായി ചർച്ചകളും |

കൂടിയാലോചനകളും നടത്തുകയുണ്ടായി. കൂടാതെ, ഈ വിഷയത്തെ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേരിട്ട് ചർച്ചകൾ നടത്തുകയുണ്ടായി. ജീവനക്കാരുടെ സംഘടനകളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് കരട് കൈമാറ്റ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ പലഘട്ടങ്ങളിലായി വരുത്തിയിട്ടുണ്ട്. അതിന്റെയൊക്കെ അടിസ്ഥാന ത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകളുടെ മാതൃകകൂടി പരിഗണിച്ചുമാണ് കെ.എസ്.ഇ.ബി.യുടെ ആസ്തിബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കികൊണ്ട് 2013 ഒക്ടോബർ മാസം 31-ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

സെക്ഷൻ ഓഫീസർ.